## New Member Registration (അംഗത്വ രജിസ്ട്രേഷൻ )

പുതുതായി രജിസ്റ്റർ ചെയ്യുന്ന അപേക്ഷകന് അംഗത്വത്തിന് വേണ്ടിയുള്ള അപേക്ഷ ഇതുവഴി സമർപ്പിക്കാവുന്നതാണ് . ചുവപ്പ് നിറത്തിൽ സ്റ്റാർ നൽകിയിട്ടുള്ളത് നിർബന്ധമായും നൽകേണ്ടതാണ്. ഭാഗം 1 മുതൽ ഭാഗം 5 വരെയും അവസാനഭാഗവും ഉൾപ്പെടുന്നതാണ് രജിസ്ട്രേഷൻ പ്രക്രിയ. ഭാഗം 1 പൂർത്തിയാക്കിയാൽ മാത്രമേ അടുത്ത ഭാഗത്തേക്കു പോകാൻ പാടുള്ളു. അവസാനഭാഗത്ത് എത്തിയാൽ ഭാഗം 1 മുതൽ ഭാഗം 5 വരെ നൽകിയ വിവരങ്ങൾ മനസിലാക്കാൻ സാധിക്കും.അപേക്ഷ പകുതി പൂർത്തീകരിച്ച ശേഷം പുറത്തു പോയാൽ ആധാർ നമ്പർ ,മൊബൈൽ നമ്പർ എന്നിവ ഉപയോഗിച്ച് ബാക്കി ഭാഗം പൂർത്തീകരിക്കാൻ കഴിയും.

**രജിസ്ട്രേഷൻ പ്രക്രിയയിൽ പരമാവധി "8" ഫയലുകൾ "upload" ചെയ്യേണ്ടതായിട്ടുണ്ട് .ഈ ഫയലുകൾ നിർബന്ധമായും jpeg/pdf ഫോർമാറ്റിൽ ഉള്ളവയായിരിക്കണം .പരമാവധി അനുവദനീയമായ ഫയൽ സൈസ് "200 KB" ആണ് .**

**അപേക്ഷ ഫോമിലേക്ക് കടക്കുവാൻ മൊബൈൽ നമ്പർ നൽകുക .തുടർന്ന് ഈ മൊബൈൽ നമ്പറിലേക്ക് ആറക്കമുള്ള ഒരു രഹസ്യ കോഡ് ലഭിക്കും .ഈ രഹസ്യ കോഡ് നൽകിയാൽ അപേക്ഷകൻ അപേക്ഷ ഫോമിലേക്ക് കടക്കും.**

### ഭാഗം 1



**1.** പേര് ഇംഗ്ലീഷിൽ ക്യാപ്പിറ്റൽ  ലെറ്റർ ഉപയോഗിക്കുക. ഇനീഷ്യലുകൾക്കിടയിൽ "space" മാത്രം ചേർക്കണം.
**2.** ജനന തിയതി കലണ്ടറിൽ നിന്നും സെലക്ട്  ചെയ്യാം.ജനന തിയതി തെളിയിക്കുന്ന രേഖയുടെ സ്കാൻ ചെയ്ത പകർപ്പ്  "upload"  ചെയ്യണം.
**3.** *കർഷകന്റെ* പത്ത് അക്ക മൊബൈൽ നമ്പർ കൊടുക്കുക.
**4.** ആധാർ നമ്പർ നിർബന്ധമായും നൽകുക.ആധാർ "upload" ചെയ്യുക.
**5.** തിരിച്ചറിയൽ രേഖ ഉണ്ടെങ്കിൽ ഏതാണെന്ന  "select" ചെയ്യുക .
**5.a.** തിരിച്ചറിയൽ രേഖയുടെ  നമ്പർ നൽകുക.
**6.** പൂർണ്ണ മേൽവിലാസം നൽകുക. ജില്ലയും തദ്ദേശസ്വയംഭരണ സ്ഥാപന തരവും "select" ചെയ്യുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് "6.C"  യിൽ വരുന്നതാണ്. ശേഷം ***6.c.1*** കൃഷിഭവന്റെ പേര്  നൽകുക  തുടർന്ന് വീട്ടുപേര്,തെരുവിന്റെ പേര് /പ്രദേശം  എന്നിവ നൽകുക. 6.f കർഷകന്റെ ലിംഗഭേദം നൽകുക. 6.g പട്ടികജാതി/പട്ടികവർഗ്ഗത്തിൽ പെട്ടതാണോ  എന്ന് വ്യക്തമാക്കുക. 6.h പോസ്റ്റ് ഓഫീസിന്റെ പേര് , പിൻ എന്നിവ ആവശ്യമുള്ളത് തിരഞ്ഞെടുക്കാം.

**ഭാഗം 2**



കൃഷിഭൂമി ഇനങ്ങൾ സ്വന്തം ,വാടക ,കോൺട്രാക്ട് ,മറ്റുള്ളവ എന്നിങ്ങനെ 7 .a – ൽ നിന്നും തിരഞ്ഞെടുത്ത് " add land details " ക്ലിക്ക് ചെയ്താൽ ഈ പേജിന്റെ താഴെ 'add' ചെയ്ത ഇനത്തിന്റെ വിവരങ്ങൾ ലിസ്റ്റ് ചെയ്യുന്നതാണ്.(ഭാഗം 2 ചിത്രത്തിലെ താഴെ ചുമപ്പ് ചതുരാകൃതിയിൽ കാണാൻ കഴിയും)ആവശ്യമെങ്കിൽ ഡിലീറ്റ് ചെയ്യാനും പുതുതായി 'add' ചെയ്യാനുംഅടുത്ത ഭാഗത്തേക്ക് പോകാനും കഴിയും.

**7.a** കൃഷി ഭൂമി സംബന്ധിച്ച ഇനങ്ങൾ 'select ' ചെയ്യുക. തുടർന്ന് ജില്ലാ ,താലൂക് ,വില്ലേജ് എന്നിവ 'select ' ചെയ്യുക. സർവെ നമ്പർ , റീ സർവെ നമ്പർ ,ബ്ലോക്ക് ,സബ് ഡിവിഷൻ നമ്പർ തുടങ്ങിയവയും ടൈപ്പ് ചെയ്യുക .

**8.**ഏരിയ സെന്ററിൽ ടൈപ്പ് ചെയ്യുക.

**9.**വിളകൾ/സംരംഭങ്ങൾ/അനുബന്ധ പ്രവർത്തനങ്ങൾ തുടങ്ങിയ ചെക്ക് ലിസ്റ്റിൽ നിന്നും ഒന്നോ അതിൽ കൂടുതലോ ടിക്ക് ചെയ്യാൻ സാധിക്കും.

## ഭാഗം 3




**10.** തോട്ടവിളകൾ കൃഷി ചെയ്യുന്ന സ്വന്തം ഭൂമിയുടെ വിസ്തൃതി സെന്റിൽ നൽകുക.

**11.** ബാങ്ക് വിവരങ്ങൾ നൽകുക. *ബാങ്കിന്റെ പേര് ,ശാഖയുടെ പേര് ,അക്കൗണ്ട് നമ്പർ, FSC കോഡ്* (ഇംഗ്ലീഷ് വലിയക്ഷരവും നമ്പറുകളും അനുവദനീയം)തുടങ്ങിയവ നൽകുക.

**12.** വാർഷിക വരുമാനം ടൈപ്പ് ചെയ്യുക. പരമാവധി തുകയിൽ കൂടരുത് .
വരുമാന സർട്ടിഫിക്കറ്റ് "upload" ചെയ്യുക.

**13. .** മറ്റു ക്ഷേമ നിധിയിൽ അംഗത്വം ഉണ്ടെങ്കിൽ YES 'select' ചെയ്ത് ബോർഡിന്റെ പേര് നൽകുക.

**ഭാഗം 4**




**14.** കുടുംബാഗങ്ങളുടെ പേര് ,വയസ്സ് ,ജെൻഡർ ,മേൽവിലാസം ,ബന്ധം ,മറ്റുവിവരങ്ങൾ എന്നിവ ടൈപ്പ് ചെയ്തശേഷം ഒന്നിൽ കൂടുതൽ അംഗങ്ങളുടെ വിവരങ്ങൾ ചേർക്കാൻ 'Add more' ക്ലിക്ക് ചെയ്യുക.ഓരോ കുടുംബാഗത്തിനെയും 'Enter' ചെയ്തത് താഴെ ലിസ്റ്റ് ചെയ്യും.(ഭാഗം 4 ചിത്രത്തിലെ താഴെ ചുമപ്പ് ചതുരാകൃതിയിൽ കാണാൻ കഴിയും)
ചിത്രത്തിനുള്ളിലെ നീല നിറമുള്ള ലഘുചിത്രം മുഖേന ആവശ്യമെങ്കിൽ നീക്കം ചെയ്ത് വീണ്ടും വിവരങ്ങൾ ചേർക്കാം.

**15.** അടയ്ക്കുവാൻ ഉദ്ദേശിക്കുന്ന പ്രതിമാസ അംശാദായം നൽകുക .മിനിമം തുകയിൽ കുറയാൻ പാടില്ല.

## ഭാഗം 5


Logout
ഭാഗം-1
ഭാഗം-2
ഭാഗം-3
ഭാഗം-4
ഭാഗം-5
അവസാനഭാഗം
ഭാഗം-5 [Draft] View
16.മരണാനന്തര ആനുകല്യങ്ങൾക്കുള്ള അവകാശിയെ സംബന്ധിച്ച വിവരങ്ങൾ*
16.a.കുടുംബാംഗങ്ങളിൽ നിന്ന് അവകാശിയെ തിരഞ്ഞെടുക്കാം
Total should be 100
പേര്
വയസ്സ്
മേൽവിലാസം
Tick ചെയ്യുക
Tick ചെയ്ത ശേഷം ശതമാനം കൊടുക്കുക
Soman
10
TC45/7,TVM
50
(1-100)
Raju
5
TC45/7,TVM
50
(1-100)
16.b.കുടുംബത്തിന്റെ പുറത്തുള്ളവരെ അവകാശിയായി തീരുമാനിക്കാം
പേര്
വയസ്സ്
--ജെൻഡർ--
മേൽവില
--ബന്ധം--
മറ്റുവിവ
--ശതമാനം--
Add more
17. മറ്റുഫയലുകൾ അപ്‌ലോഡ് ചെയ്യുക.
Only allowed JPEG/PDF files.Maximum file size is 200KB.
a)കൃഷി / കൃഷി അനുബന്ധ / കാർഷിക പ്രവർത്തനം സംബന്ധിച്ച കർഷകന്റെ സത്യപ്രസ്താവന * :
Upload files
Choose File No file chosen
b)ബാങ്ക് പാസ്ബുക്ക് പകർപ്പ് *
Upload files
Choose File No file chosen
c)ഭൂമി നികുതി രസീത് / ഭൂമി രേഖ *
Upload files
Choose File No file chosen
d)പാസ്പോർട്ട് സൈസ് ഫോട്ടോ *
Upload files
Choose File No file chosen
e)പ്രസക്തമായ മറ്റേതെങ്കിലും പ്രമാണം(ഭൂമി പാട്ടത്തിന്റെ തുടങ്ങിയവ)
Upload files
Choose File No file chosen
18.കാർഷികവൃത്തി*
-- select --
ഈ അപേക്ഷയിൽ നൽകിയിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയാണെന്ന് ഞാൻ ഇതിനാൽ പ്രഖ്യാപിക്കുന്നു. *
Submit

**16.** മരണാനന്തര ആനുകൂല്യങ്ങൾക്കുള്ള അവകാശിയെ സംബന്ധിച്ച വിവരങ്ങൾ നൽകുക.

**16.a** കുടുംബാംഗങ്ങളിൽ നിന്ന് അവകാശിയെ നിശ്ചയിക്കുക. ഭാഗം 4-ൽ 'add' ചെയ്ത കുടുംബാം ഗങ്ങളുടെ ലിസ്റ്റിൽ നിന്നും അവകാശിയെ നിശ്ചയിക്കാൻ ഓരോരുത്തരുടെയും നേരെയുള്ള ചെക്ക് ബോക്സിൽ "ടിക്ക് ' ചെയ്തശേഷം ആ വ്യക്തിക്ക് എത്ര ശതമാനം എന്നുള്ളത് 'ടൈപ്പ് ' ചെയ്യുക.

**16.b** കുടുംബത്തിന്റെ പുറത്തുള്ളവരെ അവകാശിയായി നിശ്ചയിക്കാൻ പേര് , വയസ്സ് ,ജെൻഡർ ,മേൽവിലാസം ,അപേക്ഷകനുമറ്റുള്ള ബന്ധം ,മറ്റുവിവരങ്ങൾ ,നോമിനിയുടെ ശതമാനം തുടങ്ങിയവ നൽകുക .ഒന്നിൽ കൂടുതൽ വ്യക്തികളെ 'add ' ചെയ്യാൻ "Add more" ബട്ടൺ ഉപയോഗിക്കുക.

ആവശ്യമെങ്കിൽ കുടുംബത്തിന്റെ പുറത്തുള്ളവരിൽ നിന്ന് അവകാശിയായി ഏതെങ്കിലും സ്ഥാപനത്തിന്റെ വിവരങ്ങൾ നൽകാൻ പേരും മേൽവിലാസവും ശതമാനവും നൽകി ബാക്കിയുള്ളവ "NA" കൊടുക്കുക. നോമിനിയുടെ ശതമാനത്തിന്റെ മൊത്തം തുക നിർബന്ധമായും 100 ആയിരിക്കണം.കുടുംബാംഗങ്ങളിൽ നിന്നും കുടുംബത്തിന്റെ പുറത്തുള്ളവരിൽ നിന്നും അവകാശിയായി നിശ്ചയിക്കാൻ തീരുമാനിച്ചാൽ ഇവ രണ്ടിന്റെയും ശതമാനത്തിന്റെ മൊത്തം തുക 100 ആയിരിക്കണം.

**17.** മറ്റുഫയലുകൾ അപ്‌ലോഡ് ചെയ്യുക .

**17 .a** മുതൽ **17 .e** വരെയുള്ള അപ്‌ലോഡ് ചെയ്യേണ്ട ഫയലുകൾ jpeg /pdf ഫോർമാറ്റിൽ ഉള്ളതായിരിക്കണം .പരമാവധി ഫയൽ വലുപ്പം 200 kb ആണ് .

**18.**കാർഷികവൃത്തി തിരഞ്ഞെടുക്കുക. "വിളപരിപാലനം" ഒഴികെ മറ്റേതെങ്കിലും തിരഞ്ഞെടുത്താൽ ബന്ധപ്പെട്ട രേഖ 'upload ' ചെയ്യുക.

സത്യവാങ്മൂലത്തിന് നേരെയുള്ള ചെക്ക് ബോക്സ് ടിക്ക് ചെയ്ത് submit കൊടുക്കുക.

## അവസാനഭാഗം




ഈ ഭാഗത്ത് അപെക്ഷയുടെ ഒന്ന് മുതൽ അഞ്ച് വരെ ഏതൊക്കെ ഭാഗത്ത് വിവരങ്ങൾ പൂർണ്ണമായി നൽകി എന്ന് അറിയാൻ കഴിയും. വിവരങ്ങൾ പൂർണ്ണമായി നൽകി എങ്കിൽ "final Submit " കാണാം.ഇല്ലങ്കിൽ എല്ലാ ഭാഗവും പൂർത്തീകരിച്ചശേഷം "final Submit " ബട്ടൺ ക്ലിക് ചെയ്യുക. ഈ പ്രവർത്തി വിജയിച്ചെങ്കിൽ **"submitted successfully"** എന്ന സന്ദേശം കാണാൻ കഴിയുന്നതോടൊപ്പം നിങ്ങൾ നൽകിയ മൊബൈൽ നമ്പറിൽ SMS ആയി ' userID ' , 'password' എന്നിവ ലഭ്യമാകും. ഇതിനുതാഴെ രജിസ്ട്രേഷൻ ഫീസ് അടക്കുവാൻ ഉള്ള ലിങ്ക് ഉപയോഗിച്ച് ഫീ അടക്കുവാനും,സമർപ്പിച്ച അപ്പേക്ഷയുടെ ഡൗൺലോഡ് ലിങ്ക് ഉപയോഗിച്ച് ഡൗൺലോഡ് ചെയ്യാനും സാധിക്കും.

****************************************************